## മാർ ജോസഫ് ഇരിമ്പൻ, ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ

# നാമകരണ പ്രാരംഭ നടപടികൾക്കു തുടക്കം

**ജിമ്മി ജോർജ്**

**പാലക്കാട്:** പാലക്കാട് രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോസഫ് ഇരിമ്പൻ, സിഎംഐ വൈദികനായ ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ എന്നിവരുടെ നാമകരണത്തിനുള്ള പ്രാഥമിക നടപടിക്രമങ്ങൾക്കു തുടക്കം കുറിച്ചു.

മാർ ജോസഫ് ഇരിമ്പന്റെ നാമകരണ നടപടികൾക്കായി റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ കൺവീനറായും ഫാ. ജോസ് പൊന്മാണി, റവ. ഡോ. ജോർജ് തുരുത്തിപ്പിള്ളി എന്നിവർ അംഗങ്ങളായുമുള്ള കമ്മിറ്റിയെ സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരിയുടെ അനുവാദപ്രകാരം ബിഷപ് മാർ ജേക്കബ് മനത്തോടത്ത് നിയമിച്ചു.

പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിലെ മാർ ഇരിമ്പന്റെ കബറിടത്തിൽ ദിവസവും നൂറുകണക്കിന് ആളുകൾ വന്നു പ്രാർഥിക്കുന്നുണ്ട്. അവരിൽ പലർക്കും പിതാവിന്റെ മാധ്യസ്ഥ്യം വഴി അനുഗ്രഹങ്ങൾ ലഭിക്കുന്നതായി അനുഭവസാക്ഷ്യങ്ങളും ഉണ്ട്.

പലരും രേഖാമൂലം സാക്ഷ്യം നല്കിയിട്ടുമുണ്ട്. ഒരു വ്യക്തിയെ വിശുദ്ധനെന്നു പ്രഖ്യാപിക്കാനുള്ള പ്രധാന പരിഗണന അദ്ദേഹത്തിന്റെ മാധ്യസ്ഥ്യംവഴി ലഭിക്കുന്ന അനുഗ്രഹങ്ങളാണ്. ഇതേത്തുടർന്നാണ് ബിഷപ് മാർ ജേക്കബ് മനത്തോടത്ത് ഇതുസംബന്ധിച്ച നടപടിക്രമങ്ങൾക്കുവേണ്ടി പരിശുദ്ധ സിംഹാസനത്തിന് അപേക്ഷ സമർപ്പിച്ചത്.

മുൻ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിലിന് ഇതുസംബന്ധിച്ച് അഭിപ്രായം സമർപ്പിച്ചിരുന്നു. കാലക്രമേണ അതു സാധ്യമാകുമെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. തുടർന്നു മാർ ഇരിമ്പന്റെ ഇരുപത്തഞ്ചാം ചരമവാർഷികത്തിനുശേഷമാണ് നടപടിക്രമങ്ങൾക്കു തുടക്കമായിരിക്കുന്നത്.

രൂപത ആലോചനാസമിതിയുടേയും ഫൊറോന വികാരിമാരുടേയും സംയുക്തയോഗം ഇക്കാര്യം ചർച്ച ചെയ്തിരുന്നു. രൂപതയിലെ വിശ്വാസികളുടെ പൊതുഅഭിപ്രായവും ഇതിനോടു യോജിച്ചതോടെയാണ് നടപടിക്രമങ്ങൾക്കു വേഗമായത്.

അവിഭക്ത പാലക്കാട് രൂപതയിലെ സിഎംഐ പ്രേഷിത പ്രോവിൻസ് അംഗമാണ് നാമകരണപ്രവൃത്തികൾക്കു തുടക്കം കുറിക്കുന്ന ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ. 1974 മുതൽ പാലക്കാട് രൂപതയിൽ സേവനം അനുഷ്ഠിച്ച വൈദികനാണ്. ഫാ. ജോസഫ് ചിറ്റിലപ്പിള്ളി, ഫാ. മാത്യു വാഴയിൽ, ഫാ. ജോസ് പൊന്മാണി എന്നിവർ അംഗങ്ങളായാണ് നാമകരണ കമ്മിറ്റി രൂപീകരിച്ചത്.

മാർ ജോസഫ് ഇരിമ്പന്റേയും ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിലിന്റേയും ജീവിതവിശുദ്ധിയെക്കുറിച്ചുള്ള അനുഭവസാക്ഷ്യങ്ങൾ അറിയിക്കാൻ ബിഷപ് നിർദേശം നല്കി. ഇരുവരേയും സംബന്ധിച്ച എല്ലാ രേഖകളും രൂപതയിൽ എത്തിക്കണമെന്നാണു നിർദേശം.

## മാർ ജോസഫ് ഇരിമ്പൻ

### ■ ജീവിത രേഖ



1919 ഫെബ്രുവരി 25 ന് ഇരിങ്ങാലക്കുട രൂപതയിലെ പുവത്തുശേരിയിലാണ് ജോസഫ് ഇരിമ്പന്റെ ജനനം. 1956 ൽ പൗരോഹിത്യം സ്വീകരിച്ചു. തൃശൂർ രൂപതയുടെ വികാരി ജനറാൾ ആയിരിക്കെ പാലക്കാട് രൂപതയുടെ പ്രഥമ മെത്രാനായി നിയമനം. 1974 സെപ്റ്റംബർ എട്ടിനാണ് പാലക്കാട് രൂപത നിലവിൽ വരുന്നത്. തുടക്കത്തിൽ 14 ഇടവകകളും 10 സ്റ്റേഷൻ പള്ളികളും 14 വൈദികരും മാത്രമുണ്ടായിരുന്നു. 1994 ഡിസംബർ ആറിന് മാർ ഇരിമ്പൻ വിരമിക്കുമ്പോൾ 123 പള്ളികളും 76 വൈദികരും ആയി. സ്നേഹിക്കുക, ശുശ്രൂഷിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആപ്തവാക്യം.

പ്രശ്നങ്ങളേയും പ്രതിസന്ധികളേയും പ്രാർഥനയുടെ ശക്തിയാൽ നേരിട്ടു. 1997 ഓഗസ്റ്റ് 23 ന് ദിവംഗതനായ അദ്ദേഹത്തിന്റെ ഭൗതികശരീരം പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ ദേവാലയത്തിലാണ് കബറടക്കിയിരിക്കുന്നത്.

## ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ സിഎംഐ

### ■ ജീവിത രേഖ



തൃശൂർ അതിരൂപതയിലെ പാവറട്ടി ഇടവകയിൽ പുതുമനശേരിയിൽ പൗലോസ് - മറിയം ദമ്പതികളുടെ മകനായി 1920 നവംബർ 27ന് ഫാ. ഡൺസ്റ്റൻ ജനിച്ചു.

1947 ജൂൺ രണ്ടിന് പാവറട്ടി ആശ്രമദേവാലയത്തിൽ നവപൂജാർപ്പണം നടത്തി. 1953ൽ സിഎംഐ സഭ മൂന്നു പ്രവിശ്യകളായി തിരിഞ്ഞപ്പോൾ ദേവമാതാ പ്രവിശ്യയിൽ അംഗമായി. പ്രവിശ്യയിലെ വിവിധ സിഎംഐ സ്ഥാപനങ്ങളിലും ആശ്രമങ്ങളിലും സേവനമനുഷ്ഠിച്ചു. ചെന്നിമലൈ, കുളക്കാട്ടുകുറിശി, ചെത്തിപ്പുഴ, മണിമല, അയിരൂർ എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2006 ഒക്ടോബർ 20ന് ഇഹലോകവാസം വെടിഞ്ഞു.